# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. **4554**

17.12.2014 -ലെ
മറുപടിയ്ക്ക്.

## പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേനയുള്ള കല്ല്യാശ്ശേരി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ടി. വി. രാജേഷ്** | | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ വികസന പ്രവർത്തന ങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | പട്ടികജാതി ക്ഷേമ വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഏഴിലോട് പട്ടികജാതി കോളനിയിൽ 15 വീടുകളുടെ പ്ലാസ്റ്ററിംഗ് പ്രവൃത്തികളും, 17 വീടുകളുടെ തറ ടൈൽ ചെയ്യുന്ന പ്രവൃത്തികളും നടത്തിയിട്ടുണ്ട്. റോഡ് ടാറിംഗ്, കുഴൽ കിണർ നിർമ്മാണം കുടിവെള്ള വിതരണം, ബയോഗ്യാസ് പ്ലാന്റ് എന്നിവയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശ്മശാന പരിഷ്കരണം , കമ്യൂണിറ്റി ഹാൾ പരിഷ്കരണം എന്നീ പ്രവൃത്തികൾ നടന്നു വരുന്നു. ആകെ 76 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. കോളനിയിലെ 50 കുടുംബങ്ങൾക്ക് മേൽ പ്രവൃത്തിയുടെ പ്രയോജനം ലഭിക്കുന്നു.<br>മൂലക്കിൽ സ്വയം പര്യാപ്ത കോളനിയുടെ പ്രവൃത്തി ഏറ്റെടുക്കുന്നതിന് ഗവ. വുഡ് വർക്ക് ഷോപ്പ്, കോഴിക്കോടിനെ ഏൽപ്പിക്കുന്നതിന് എം.എൽ.എ ശുപാർശ ചെയ്തിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല.<br>മണ്ഡലത്തിലെ നാല് വിജ്ഞാൻ വാടികളിൽ ഒന്ന് ചെറുതാഴത്ത് പ്രവർത്തനം ആരംഭിച്ചു. മാടായി പഞ്ചായത്തിലെ കുതിരുമ്മൽ, കണ്ണപുരം ഗ്രാമ പഞ്ചായത്തിലെ കാരക്കുന്ന്, പുഞ്ചവയൽ എന്നീ വിജ്ഞാൻവാടികളുടെ കെട്ടിടം പണി പൂർത്തീകരിച്ചു.<br>ഭവനം, ഭവന പുനരുദ്ധാരണം, ടോയ്‌ലറ്റ് നിർമ്മാണം എന്നീ പദ്ധതികൾ മണ്ഡലത്തിൽ നല്ല നിലയിൽ നടപ്പിലാക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമ വകുപ്പിൽ നിന്നും വിതരണം ചെയ്ത | (ബി) | കല്ല്യാശ്ശേരി മണ്ഡലത്തിലെ പട്ടികജാതി വിഭാഗങ്ങൾക്ക് |

| | |
|---|---|
| ചികിത്സാ ദുരിതാശ്വാസ നിധിയുടെ വിശദാംശം ലഭ്യമാക്കുമോ ; ഇതു വരെ എത്ര രൂപ ധനസഹായമായി നൽകിയിട്ടുണ്ട് ? | 29,01,000/- രൂപ 149 ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**